# പതിനാലാം കേരളനിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.5010 — 23.03.2018 ന് മറുപടിയ്ക്ക്.

## വന്യമൃഗങ്ങളുടെ ആക്രമണം മൂലം വിളകൾക്കുണ്ടായ നാശത്തിന് നഷ്ടപരിഹാരം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.റ്റി.വി.രാജേഷ് | അഡ്വ. കെ.രാജു<br>(വനവും, മൃഗസംരക്ഷണവും, മൃഗശാലകളും വകുപ്പുമന്ത്രി) |
| (എ) കണ്ണൂർ ജില്ലയിൽ വന്യമൃഗങ്ങളുടെ ആക്രമണം മൂലം വിളകൾക്കുണ്ടായ നാശത്തിന് നഷ്ടപരിഹാരം ലഭിക്കുന്നതിനുള്ള എത്ര അപേക്ഷകൾ ഈ സാമ്പത്തിക വർഷം ലഭിച്ചിട്ടുണ്ട്; എത്ര അപേക്ഷകൾ തീർപ്പ് കല്പിച്ചിട്ടുണ്ട്; എത്ര തുകയാണ് നഷ്ടപരിഹാരമായി വിതരണം ചെയ്തിട്ടുള്ളത്; വ്യക്തമാക്കുമോ; | (എ) കണ്ണൂർ ജില്ലയിൽ വന്യമൃഗങ്ങളുടെ ആക്രമണം മൂലം വിളകൾക്കുണ്ടായ നാശനഷ്ടങ്ങൾക്ക് നഷ്ടപരിഹാരം ലഭിക്കുന്നതിനായി ഈ സാമ്പത്തികവർഷം 466 അപേക്ഷകൾ നാളിതുവരെ ലഭിച്ചിട്ടുണ്ട്. ആയതിൽ 172 അപേക്ഷകൾ തീർപ്പ് കല്പിച്ചിട്ടുണ്ട്. 14,30,286/- രൂപ നഷ്ടപരിഹാരമായി വിതരണം ചെയ്തിട്ടുണ്ട്. |
| (ബി) തെങ്ങ്, കവുങ്ങ്, റബ്ബർ, കുരുമുളക്,കശുമാവ് എന്നീ കൃഷിവിളകൾക്ക് എത്ര രൂപ വീതമാണ് നഷ്ടപരിഹാരം നല്കുന്നത്; | (ബി) തെങ്ങ്, കവുങ്ങ്, റബ്ബർ, കുരുമുളക്, കശുമാവ് എന്നീ കൃഷിവിളകൾക്ക് നഷ്ടപരിഹാരമായി 08.05.2015-ലെ സർക്കാർ ഉത്തരവ് (എം.എസ്) നം.02/2015/വനം പ്രകാരം ചുവടെ പറയും പ്രകാരം നഷ്ടപരിഹാരം വിതരണം ചെയ്തു വരുന്നു. |

| | |
|---|---|
| തെങ്ങ് കുലച്ചത് | 770/- രൂപ |
| തെങ്ങ് കുലയ്ക്കാത്തത് | 385/- രൂപ |
| തെങ്ങ് 1 വർഷം വരെ പ്രായമായത്. | 110/- രൂപ |
| കവുങ്ങ് കായ്ക്കുന്നത് | 165/- രൂപ |
| കവുങ്ങ് കായക്കാത്തത് | 110/- രൂപ |
| റബ്ബർ കറയെടുക്കുന്നത് | 330/- രൂപ |
| റബ്ബർ കറയെടുക്കാത്തത് | 220/- രൂപ |
| കുരുമുളക് കായ്ക്കുന്നത് | 83/- രൂപ |
| കശുമാവ് കായ്ക്കുന്നത് | 165/- രൂപ |
| കശുമാവ് 3 വർഷത്തിനു മുകളിൽ കായ്ക്കാത്തത് | 110/- രൂപ |

| | |
|---|---|
| (സി) പ്രസ്തുത വിളകൾക്കുള്ള നഷ്ടപരിഹാരം കുറവാണെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; നഷ്ടപരിഹാരത്തുക വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കുമോ;വ്യക്തമാക്കാമോ? | (സി) കാർഷിക വിളകൾക്ക് നഷ്ടപരിഹാരത്തുക വർദ്ധിപ്പിക്കുന്ന വിഷയം സർക്കാർ പരിഗണനയിലുണ്ട്. |

സെക്ഷൻ ഓഫീസർ